"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കുറുവത്തൂർ കെ. സി. എം. യു പി സ്കൂൾ മാനേജർ ശ്രീ. മുഹമ്മദ് കുട്ടി ഹാജിയും മറ്റൊരാളും ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യു പി(സി) നം. 15842/2021- ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈകോടതി പുറപ്പെടുവിച്ച 06.08.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.39/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 03/01/2022

പരാമർശം:-

1. പാലക്കാട് കുറുവത്തൂർ കെ. സി. എം. യു. പി സ്കൂൾ മാനേജർ ശ്രീ. മുഹമ്മദ് കുട്ടി ഹാജിയുടെ 23/07/2019 ലെ പുന: പരിശോധനാ ഹർജി(Ext P7).
2. ബഹു. കേരള ഹൈക്കോടതിയുടെ 06.08.2021-ലെ ഡബ്ല്യു . പി (സി) നം . 15842/2021 ന്മേലുള്ള വിധിന്യായം.
3. ഷൊർണ്ണൂർ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/10/2021 ലെ സി-2119/21 നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/10/2021 ലെ ബി4-4139/2021 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് കുറുവത്തൂർ കെ. സി. എം. യു പി സ്കൂൾ മാനേജർ ശ്രീ. മുഹമ്മദ് കുട്ടി ഹാജിയും ശ്രീമതി.ജിഷ.കെ.ഒ.യും ചേർന്നു ഫയൽ ചെയ്ത ഡബ്ല്യു പി(സി) നം. 15842/2021- ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈകോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച Ext P7 റിവിഷൻ ഹർജി(പരാമർശം 1) ഹർജിക്കാരെയും അഞ്ചാം എതിർ കക്ഷിയെയും കേട്ട് തീർപ്പാക്കണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 21.10.2021-ന് ഗ്രഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

2. ഹർജിക്കാരുടെ വാദം ചുവടെചേർക്കുന്നു.

"എ) 01/06/2017 മുതൽ ശ്രീമതി. ഭഗീരഥി. എം. ഹെഡ്മിസ്ട്രസ്സായി സ്ഥാന കയറ്റം നൽകുക വഴി ലഭ്യമായ ഒഴിവിൽ രണ്ടാം ഹർജിക്കാരി ശ്രീമതി.ജിഷ.കെ.ഒ നിയമിക്കപ്പെട്ടു. നിയമനം ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും , ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറും , തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറും യു.പി.എസ്.എ വേക്കൻസി ലഭ്യമല്ല എന്നതിനാൽ നിരസിക്കുകയുണ്ടായി.

ബി) അഞ്ചാമത് എതിർകക്ഷി ശ്രീമതി. കെ. കെ. ജലജ ഒറ്റപ്പാലം ബ്ലോക്ക് റിസോഴ്സ് സെന്ററിൽ ഡിപ്ലോയ് ചെയ്ത് നിയമിക്കപ്പെട്ടിട്ടുണ്ട്. 2017-18 അധ്യയന വർഷത്തിൽ ശ്രീമതി . ജലജയ്ക്ക് എൽ . പി വിഭാഗത്തിൽ തസ്തിക ലഭ്യമായിട്ടുണ്ട്. എൽ. പി. വിഭാഗത്തിൽ നിന്ന് തസ്തിക നഷ്ടപ്പെട്ട് പുറത്തുപോയവരെ എൽ. പി. വിഭാഗത്തിൽ മാത്രമാണ് നിയമിക്കേണ്ടത് . 2014 ലെ ത്രേസ്യ V/S പ്രീതി എന്ന കേസിൽ എൽ. പി. വിഭാഗവും, യു. പി. വിഭാഗവും വ്യത്യസ്ത ഗ്രൂപ്പുകളാണ്.

സി) ശ്രീമതി. ജിഷ. കെ. ഒ. യുടെ നിയമനം പ്രമോഷൻ വേക്കൻസിയിൽ ആകയാൽ യു. പി. എസ്. എ ആയിട്ടുള്ള നിയമനം അംഗീകരിക്കുന്നതിന് തസ്തിക ലഭ്യമാണ്. എന്നാൽ എൽ. പി. വിഭാഗത്തിൽ നാലാം ക്ലാസിൽ 32 കുട്ടികൾ ഉള്ളതിനാൽ ഒരു തസ്തിക കൂടി അനുവദിക്കാവുന്നതാണ്. 2017-2018 ൽ യു. പി. എസ്. എ

ആയും, എൽ. പി. എസ്. എ ആയും പ്രവർത്തിക്കുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl. No.	LP SECTION	UP SECTION
1	SHELBI A AVIRAH	SATHY DEVI K
2	LATHA K N	BHAGEERATHY M
3	ASYA V	HAMZA K
4	GEETHA M R	SHEENA V M
5	JALAJA K K	USHA V K
6		JISHA K O

ഡി) മുകളിൽ സൂചിപ്പിച്ച പട്ടികയിൽ നിന്നും രണ്ടാം പരാതിക്കാരി ശ്രീമതി. ജിഷ. കെ. ഒ ഉൾപ്പെടെ ആറു പേരാണ് യു. പി വിഭാഗത്തിൽ പ്രവർത്തിയെടുക്കുന്നത്. ആകെയാൽ തസ്തികയില്ലെന്ന വാദം നിയമപരമായി നിലനിൽക്കുന്നതല്ല.

മേൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്നും എൽ. പി. വിഭാഗത്തിൽ ജലജയെ അക്കോമഡേറ്റ് ചെയ്യുന്നതിന് ഭഗീരഥിയുടെ പ്രമോഷൻ വേക്കൻസിയിൽ ശ്രീമതി . ജിഷയ്ക്കും തസ്തിക ലഭ്യമാകയാൽ ശ്രീമതി. ജിഷ. കെ. ഒ. യുടെ 01/06/2017 മുതലുള്ള യു. പി. എസ്. എ നിയമനം അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

3. ഇക്കാര്യത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" എ) ഷൊർണ്ണൂർ വിദ്യാഭ്യാസ ഉപജില്ലയിലെ കെ. സി. എം. യു. പി കുറുവട്ടൂർ സ്കൂളിൽ 01/06/2017 മുതൽ ശ്രീമതി കെ. ഒ ജിഷയെ യു. പി. എസ്. റ്റി ആയി മാനേജർ നിയമിച്ചിരുന്നു . 2017-18 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/11/2017 ലെ ഉത്തരവ് നം. കെ. ഡിസ്. ഡി / 3053/2017 പ്രകാരം ആവശ്യമായ തസ്തിക ഇല്ല എന്ന കാരണത്താൽ ടി നിയമനം നിരസിച്ചിരുന്നു.

ബി) ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മേൽ ഉത്തരവിനെതിരെ മാനേജർ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും, എന്നാൽ പ്രസ്തുത അപ്പീൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/03/2018 ലെ ഉത്തരവ് നം. കെ. ഡിസ് ബി 4/8213/2017 പ്രകാരം നിരസിച്ചിരുന്നു. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മുമ്പാകേയും അപ്പീൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപ്പീലിൻമേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 08/05/2019 ന് നേർ കൂടിക്കാഴ്ച്ച നടത്തുകയുണ്ടായി പ്രസ്തുത കൂടിക്കാഴ്ച്ചയുടെ അടിസ്ഥാനത്തിൽ 24/06/2019 കെ. ഡിസ് ജി 1/81406/2018/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം മാനേജരുടെ അപ്പീൽ നിരസിച്ചിരുന്നു. ഇതിനെതിരേയാണ് സർക്കാർ മുമ്പാകെ മാനേജർ പുന : പരിശോധന അപ്പീൽ സമർപ്പിച്ചിരിക്കുന്നത് .

സി) ശ്രീമതി. ജിഷ. കെ. ഒ യുടെ നിയമനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വസ്തുതകൾ ബോധിപ്പിച്ച കൊള്ളുന്നു .

കെ. സി. എം. യു. പി. സ്കൂൾ കുറുവട്ടൂരിലെ യു. പി. എസ്. റ്റി ആയിരുന്ന ശ്രീമതി ഭഗീരഥി. എം നെ 01/06/2017 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയപ്പോൾ ഉണ്ടാകേണ്ടിയിരുന്ന യു. പി. എസ്. റ്റിയുടെ ഒഴിവിലേക്കാണ് മാനേജർ ജിഷ. കെ. ഒ യെ 01/06/2017 മുതൽ യു. പി. എസ്. റ്റി ആയി നിയമിച്ചത്.

2017-18 ൽ വിദ്യാലയത്തിൽ താഴെപറയും പ്രകാരമാണ് തസ്തികകൾ അനുവദിച്ചിരുന്നത്.

പ്രധാനാദ്ധ്യാപിക	1
യു. പി. എസ്. റ്റി	5
എച്ച്. ടി. വി	1
എൽ. പി. എസ്. ടി	4
എൽ. പി. എസ്. റ്റി (അധിക തസ്തിക)	1

ഡി) 2017-18 വർഷത്തിൽ എൽ. പി. വിഭാഗത്തിൽ 2 അധിക തസ്തികകൾ 3,4 ക്ലാസ്സുകളിലായി അനുവദിക്കാമായിരുന്നതായി കാണുന്നു. എന്നാൽ മൂന്നാം ക്ലാസ്സിൽ ഒരു അധിക തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ടി ഉത്തരവിനെതിരെ മാനേജർ അപ്പീൽ നൽകിയതായി കാണുന്നില്ല. എച്ച്. ടി. വി (യു. പി) തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമെ കെ. ഇ. ആർ അദ്ധ്യായം 21 റൂൾ 7(1) പ്രകാരം നിയമിക്കാൻ കഴിയുകയുള്ളൂ . അതുപോലെ തന്നെ 2017-18 ൽ അനുവദിച്ച അധിക എൽ. പി. എസ്. റ്റി തസ്തികയിലെ നിയമനം 03/12/2016 ലെ സർക്കാർ ഉത്തരവ് നം. (പി)/199/2016/പൊ.വി.വ പ്രകാരം മാത്രമെ നടത്താൻ കഴിയുമായിരുന്നുള്ളൂ .

ഇ) 01/06/2017 ലെ ഇ വിദ്യാലയത്തിലെ സ്റ്റാഫ് ലിസ്റ്റ് പ്രകാരം 5 എൽ. പി. എസ്. റ്റിമാർ ഉള്ളതായി കാണിച്ചിരിക്കുന്നു. 2017-18 ൽ അനുവദനീയമായ അധിക എൽ. പി. എസ്. റ്റി തസ്തിക ഒഴിവാക്കിയാൽ ആകെ 4 എൽ. പി. എസ്. റ്റി തസ്തികകളാണ് ഉള്ളത്. അഞ്ചാമത്തെ എൽ. പി. എസ്. റ്റി ആയി ശ്രീമതി. ജലജ കെ. കെ യെയാണ് ഉൾപ്പെടുത്തി ശമ്പളം നൽകുന്നത്. ശ്രീമതി . ജലജ കെ കെ , ടി . ടി . സി യോഗ്യതയുള്ള അദ്ധ്യാപികയാണ്. ശ്രീമതി ജലജ കെ. കെ 15/07/2013 ൽ തസ്തികയില്ലാതെ പുറത്ത് പോകുകയും പിന്നീട് 2014-15 ലെ തസ്തിക നിർണ്ണയത്തിൽ നിലവിൽ വന്ന അധിക യു. പി. എസ്. റ്റി തസ്തികയിൽ മാതൃസ്കൂളിൽ തന്നെ നിലനിർത്തി. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21/01/2015 ലെ ഉത്തരവ് നം. ബി 3/16084/2011 പ്രകാരം ഉത്തരവായിരുന്നു . ശ്രീമതി ജലജ കെ. കെ തസ്തിക നഷ്ടപ്പെട്ടത് മൂലം പുറത്ത് പോയതിനാൽ വിദ്യാലയത്തിൽ പിന്നീട് ഉണ്ടാകുന്ന റഗുലർ ഒഴിവിൽ മാറ്റി നിയമിക്കേണ്ടതായിരുന്നു. 2017-18 ൽ ഈ വിദ്യാലയത്തിൽ ഒരു യു. പി. എസ്. റ്റി തസ്തിക കുറയുകയാണുണ്ടായത്. ആയതിനാൽ ശ്രീമതി ഭഗീരഥി എം സ്ഥാനക്കയറ്റം നേടിയ റഗുലർ ഒഴിവിൽ തസ്തിക നഷ്ടപ്പെട്ടത് മൂലം പുറത്താകുകയും തുടർന്ന് എച്ച്. ടി. വി തസ്തികയിൽ മാതൃസ്കൂളിൽ തുടർന്ന് വരുന്നതുമായ ശ്രീമതി. ജലജ കെ . കെ യെ നിലനിർത്തുകയുമാണുണ്ടായത്. ആയതിന് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നുള്ള ഉത്തരവ് ഒന്നും തന്നെ ലഭ്യമായതായി കാണുന്നില്ല .

എഫ്) 01/06/2017 ലെ ഈ വിദ്യാലയത്തിലെ യു. പി. എസ്. റ്റി /എൽ.പി.എസ്.റ്റി മാരുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം .	പേര്	തസ്തിക
1	ഭഗീരഥി എം	പ്രധാനാദ്ധ്യാപിക
2	സതീദേവി കെ	യു . പി . എസ് . റ്റി
3	ഹംസ കെ	"
4	ഷീന വി . എം	"
5	ഉഷ വി കെ	"
6	ജലജ കെ കെ	"
7	ലത കെ എൻ	എൽ . പി . എസ് . റ്റി

8	ഷെൽബി എ അവിരാഹ്	"
9	ആസ്യ പി	"
10	ഗീത എം ആർ	"

2017-18 ൽ അനുവദിച്ചിരുന്ന യു. പി. എസ്. റ്റി /എൽ. പി. എസ്. റ്റി തസ്തികകൾ

പ്രധാനാദ്ധ്യാപിക	1
യു . പി . എസ് . റ്റി	5
എച്ച് . ടി . വി	1
എൽ . പി . എസ് . ടി	4
എൽ . പി . എസ് . ടി (അധിക തസ്തിക)	1

ജി) എച്ച്. ടി. വി തസ്തികയും എൽ. പി. എസ്. റ്റി അധിക തസ്തികയും മാത്രം ഒഴിവായി നിലനിൽക്കുന്നു . ആകയാൽ 01/06/2017 മുതൽ യു. പി. എസ്. റ്റി ആയി നിയമിതയായ ശ്രീമതി. ജിഷ കെ . ഒ യുടെ നിയമനം അംഗീകരിക്കുവാൻ ആവശ്യമായ തസ്തിക ലഭ്യമല്ല . "

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2017-18 ൽ ടി സ്കൂളിൽ 5 യു. പി. എസ്. റ്റി തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ അഞ്ചാമതു എതിർകക്ഷിയായ ശ്രീമതി ജലജ ഒരു യു.പി.എസ്.റ്റി ആണ്. യഥാർത്ഥത്തിൽ, ശ്രീമതി ജലജ ഒരു എൽ.പി.എസ്.റ്റി ആയാണ് സേവനം ആരംഭിച്ചതും അംഗീകാരം ലഭിച്ചിട്ടുള്ളതുമെന്ന് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു. ഇപ്പോൾ യു.പി.എസ്.റ്റി കാറ്റഗറിയിൽ നിലനിർത്തിയിട്ടുള്ളത് പ്രസ്തുത റ്റീച്ചർ നിലനിന്നിരുന്ന എൽ.പി.എസ്.റ്റി തസ്തിക 15/07/2013 ൽ നഷ്ടം വന്ന് പുറത്തുപോയതുമൂലമാണ്. 06.12.2021-ലെ ജി.ഒ(എം.എസ്) 275/2021/പൊ.വി.വ പ്രകാരം റ്റീച്ചർമാരെ പരമാവധി അവരവരുടെ മാതൃകാറ്റഗറിയിൽ തന്നെ നിലനിർത്തേണ്ടതുണ്ട്. ഇവിടെ മാതൃകാറ്റഗറി എൽ.പി.എസ്.റ്റി ആയുള്ള ശ്രീമതി ജലജയെ യു.പി.എസ്.റ്റി തസ്തികയിൽ നിലനിർത്തിയിരിക്കുന്ന വേളയിൽ സമാന്തരമായി ഒരു എൽ.പി.എസ്.റ്റി തസ്തിക നികത്തപ്പെടാതെ തുടരുന്നുണ്ട്. അതിനാൽ ശ്രീമതി ജലജയെ പ്രസ്തുത എൽ.പി.എസ്.റ്റി തസ്തികയിലേയ്ക്ക് മാറ്റി നിയമിച്ചുകൊണ്ട് യു.പി.എസ്.റ്റി തസ്തിക ഒഴിവ് സംജാതമാകുന്നതാണ്. ഈ യു.പി.എസ്.റ്റി തസ്തികയിലെ ഒഴിവ് ശ്രീമതി ഭഗീരഥി എം സ്ഥാനക്കയറ്റം നേടിയതുമൂലമുള്ള റഗുലർ ഒഴിവായതിനാൽ അവിടേയ്ക്ക് രണ്ടാം ഹർജിക്കാരി ശ്രീമതി.ജിഷയുടെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചുനൽകുന്നതിന് തടസ്സമുണ്ടാകേണ്ടതില്ലെന്നു കാണുന്നു.

5. മേല്പറഞ്ഞ സാഹചര്യത്തിൽ മുകളിൽ വിവരിച്ചവിധം ശ്രീമതി ജലജ, ശ്രീമതി.ജിഷ എന്നിവരുടെ ലാവണക്രമീകരണം നടത്തി മാനേജർ നടപടി ഉത്തരവ് ഹാജരാക്കുന്ന മുറയ്ക്ക് ശ്രീമതി ജലജയുടെ കാര്യത്തിൽ 06.12.2021-ലെ ജി.ഒ(എം.എസ്) 275/2021/പൊ.വി.വ-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, രണ്ടാം ഹർജിക്കാരി ശ്രീമതി.ജിഷയുടെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചുനൽകുന്നതിന് ഷൊർണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നിർദ്ദേശം നൽകി പാലക്കാട് കുറുവത്തൂർ കെ. സി. എം. യു. പി സ്കൂൾ മാനേജർ ശ്രീ. മുഹമ്മദ് കുട്ടി ഹാജിയുടെ പരാമർശം 1 പുന: പരിശോധനാ ഹർജി(Ext P7) തീർപ്പാക്കി അപ്രകാരം ബഹുമാനപ്പെട്ട കേരള ഹൈകോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഷൊർണ്ണൂർ, പാലക്കാട് ജില്ല.
ശ്രീ. മുഹമ്മദ് കുട്ടി ഹാജി, കെ. സി. എം. യു. പി സ്കൂൾ,
കുറുവത്തൂർ, ഒറ്റപ്പാലം, പാലക്കാട്.
ശ്രീമതി. ജിഷ. കെ.ഒ. അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
കെ. സി. എം. യു. പി സ്കൂൾ, കുറുവത്തൂർ, ഒറ്റപ്പാലം, പാലക്കാട്.
ശ്രീമതി. കെ. കെ. ജലജ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
കെ. സി. എം. യു. പി സ്കൂൾ, കുറുവത്തൂർ, ഒറ്റപ്പാലം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 04-01-2022 10:39:52
Reason: Approved

സെക്ഷൻ ഓഫീസർ